**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1830** **31-08-2022 - ൽ മറുപടിയ്ക്ക്**

**കാട്ടാക്കട മേഖലയിലുള്ള യാത്രാക്ലേശം പരിഹരിക്കുന്നതിനായി നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കാട്ടാക്കട മേഖലയിൽ യാത്രാക്ലേശം രൂക്ഷമായിക്കൊണ്ടിരിയ്ക്കുകയാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിയ്ക്കാനായി വേണ്ട നടപടികൾ സ്വീകരിയ്ക്കാമോ; | (എ) | **ശ്രദ്ധയിൽപ്പെട്ടിട്ടില്ല.**<br><br>**കോവിഡ് മഹാമാരിയെ തുടർന്ന് കെ.എസ്.ആർ.ടി.സി.യെ ആശ്രയിക്കുന്ന യാത്രക്കാരുടെ എണ്ണത്തിൽ വളരെയധികം കുറവുണ്ടായിട്ടുണ്ട്. നിലവിൽ കാട്ടാക്കട ഡിപ്പോയിൽ നിന്നും എല്ലാ റൂട്ടുകളിലേയ്ക്കും ബസ് ക്രമീകരിച്ചിട്ടുണ്ട്. എന്നാൽ ചില ഒറ്റപ്പെട്ട മേഖലകളിലേയ്ക്ക് നിലവിലെ കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക സ്ഥിതിയിൽ കടുത്ത നഷ്ടം സഹിച്ച് ഓപ്പറേറ്റ് ചെയ്യുവാൻ കഴിയാത്ത സാഹചര്യം ഉണ്ട്. ടി മേഖലയിലെ ജനങ്ങൾക്ക് യാത്രാ സൗകര്യം നൽകുവാൻ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഡീസൽ തുക മാത്രം ലഭ്യമാക്കിയാൽ എത്രയും വേഗം ഗ്രാമവണ്ടി സർവ്വീസുകൾ ആരംഭിക്കാവുന്നതാണ്.** |
| (ബി) | കാട്ടാക്കട നിന്നും മേലാരിയോട്-വണ്ടന്നൂർ വഴിയുള്ള ബസ് സർവീസ് കാട്ടാക്കട നിന്നും കുരുതംകോട് വഴിയുള്ള ബസ് സർവീസ് പുനഃസ്ഥാപിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിയ്ക്കാമോ? | (ബി) | കാട്ടാക്കട നിന്നും കുരുതംകോട് വഴിയുള്ള ബസ് സർവീസ് രാവിലെ 06.00 മണിയ്ക്കും വൈകുന്നേരം 06.30 മണിയ്ക്കും ഇടയിൽ 8 ട്രിപ്പുകൾ പുനസ്ഥാപിച്ചിട്ടുണ്ട്. മറ്റുള്ള ഓപ്പറേറ്റിംഗ് ചെലവ് ലഭിക്കുന്ന ട്രിപ്പുകൾ മറ്റ് സർവ്വീസിൽ ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ ഗ്രാമവണ്ടികൾ ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറായാൽ സാമ്പത്തിക ലാഭം നോക്കാതെ സർവീസുകൾ നടത്താൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ